# കേരളസർവകലാശാല

നം.പി.ആർ.138/2022

## പത്രക്കുറിപ്പ്

### ഐ.എം.കെ. – എം.ബി.എ. – കൗൺസിലിംഗ്

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), എം.ബി.എ. 2022–24 ബാച്ചിലേക്കുള്ള പ്രവേശനത്തിനായി, 2022 ജൂൺ 27, 28 തീയതികളിൽ കാര്യവട്ടം ക്യാമ്പസ്സിൽ വെച്ച് നടന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇൻറർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ, പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നു. റാങ്ക് ലിസ്റ്റ് സർവകലാശാല പോർട്ടലിൽ ലഭ്യമാണ് (www.admissions.keralauniversity.ac.in) കൗൺസിലിംഗ് ജൂലൈ 4 ന് രാവിലെ 09.30 മുതൽ കാര്യവട്ടം ഐ.എം.കെ.യിൽ നടക്കുന്നതാണ്. കൗൺസലിംഗിന് ഹാജരാകേണ്ട സമയക്രമം സംബന്ധിച്ച വ്യക്തിഗത അറിയിപ്പ് പ്രവേശനാർത്ഥികളുടെ മൊബൈൽ നമ്പറിലും, ഇമെയിലിലും ലഭിക്കുന്നതായിരിക്കും.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ജൂലൈയിൽ ആരംഭിക്കുന്ന എം.സി.എ. (2015 സ്കീം) മൂന്നാം സെമസ്റ്റർ (സപ്ലിമെന്ററി 2016 – 2019 അഡ്മിഷൻ), അഞ്ചാം സെമസ്റ്റർ (റഗുലർ – 2019 അഡ്മിഷൻ മാത്രം) & (സപ്ലിമെന്ററി – 2016 – 2018 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ജൂലൈ 4 ന് ആരംഭിക്കുന്നതാണ്. പിഴയില്ലാതെ ജൂലൈ 12 വരെയും 150 രൂപ പിഴയോടെ ജൂലൈ 15 വരെയും 400 രൂപ പിഴയോടെ ജൂലൈ 18 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ

കേരളസർവകലാശാല 2022 ജൂലൈയിൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം./ബി.എച്ച്.എം.സി.റ്റി.) (റെഗുലർ – 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2018 അഡ്മിഷൻ, സപ്ലിമെന്ററി – 2014 – 2018 അഡ്മിഷൻ, മേഴ്സിചാൻസ് – 2011 സ്കീം (2011 അഡ്മിഷൻ)) ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 2014, 2018 സ്കീം വിദ്യാർത്ഥികൾ ഓൺലൈനായും 2011 സ്കീം വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷകൾ നൽകിയും അപേക്ഷിക്കേണ്ടതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
01.07.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**